പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 644 10.03.2015 ൽ മറുപടിയ്ക്ക്

## ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി നൽകുന്നതിലുള്ള തടസ്സങ്ങൾ കാരണം നിർമ്മാണമേഖല സ്തംഭിക്കുകയും വികസന പ്രവൃത്തികൾ മന്ദഗതിയിലാകുകയും ചെയ്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത സാഹചര്യം ഉറപ്പുവരുത്തി ക്വാറി-ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് അനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ? | (ബി) | 09/01/2015 വരെ അംഗീകൃത പെർമിറ്റോടെ പ്രവർത്തിച്ചിരുന്ന പാറമടകൾക്ക് പരിസ്ഥിതി അനുമതിയില്ലാതെ പാറഖനനം നടത്തുന്നതിന് താത്കാലിക അനുമതി നൽകിയിട്ടുണ്ട്. ഈ ക്വാറികൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പാക്കും. കൂടാതെ വളരെ വിശദമായ മൈനിംഗ് പ്ലാൻ തയ്യാറാക്കി ഒരു വർഷത്തിനകം സമർപ്പിക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ - 2015, റൂൾ 68 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി നൽകുന്ന എല്ലാ ഖനനാനുമതികൾക്കും പാരിസ്ഥിതിക അനുമതിയും മൈനിംഗ് പ്ലാനും നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ